**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **01-09-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭിച്ച് തുടർ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോകുമ്പോൾ പൊതുജനങ്ങൾക്കും തല്പരകക്ഷികൾക്കും ഉണ്ടാകുന്ന സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനായി സംവിധാനം ഒരുക്കിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽ നിന്ന് ഉയർന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനാണ് 'ജനസമക്ഷം' എന്ന പരിപാടി സംഘടിപ്പിച്ചത്. പദ്ധതിയെക്കുറിച്ച് ഉയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവർ പദ്ധതിക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ, ഉയർന്ന നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതു കൂടാതെ 'സംവാദം' എന്ന പേരിൽ പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി ചർച്ച ചെയ്യുകയുണ്ടായി. ജനസമക്ഷം പരിപാടിയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിൽ കൂടി ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ 'ഓൺലൈൻ-ജനസമക്ഷം' എന്ന പരിപാടി കെ-റെയിൽ ഇപ്പോൾ നടത്തി വരികയാണ്. എം.എൽ.എമാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കെ-റെയിൽ പ്രസന്റേഷനും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് ജനപിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ പൊതുജനങ്ങൾക്കുണ്ടായ സംശയങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനായി വിളിച്ചു ചേർത്ത യോഗങ്ങൾ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽ നിന്ന് ഉയർന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനാണ് 'ജനസമക്ഷം' എന്ന പരിപാടി സംഘടിപ്പിച്ചത്. പദ്ധതിയെക്കുറിച്ച് ഉയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവർ പദ്ധതിക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ, ഉയർന്ന നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതു കൂടാതെ 'സംവാദം' എന്ന പേരിൽ പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി ചർച്ച ചെയ്യുകയുണ്ടായി. ജനസമക്ഷം പരിപാടിയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിൽ കൂടി ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ 'ഓൺലൈൻ-ജനസമക്ഷം' എന്ന പരിപാടി കെ-റെയിൽ ഇപ്പോൾ നടത്തി വരികയാണ്. എം.എൽ.എമാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കെ-റെയിൽ പ്രസന്റേഷനും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് ജനപിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സിൽവർലൈൻ പദ്ധതിയ്ക്ക് കേന്ദ്രാനുമതി നേടിയെടുത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും ബഹു. കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്ക് കത്തയക്കുകയും നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതു കൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹു.പ്രധാനമന്ത്രി മുമ്പാകെ 24.03.2022 ന് നേരിട്ട് കൈമാറിയിരുന്നു. ബഹു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ